بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 22/04/2016

## (14 RAJAB 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

### "WORKING TOWARD WORLD PEACE "
### "ലോക സമാധാനത്തിനായി പ്രവർത്തിക്കുക"

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം **ലോകസമാധാനത്തിനായി പ്രവർത്തിക്കുക** എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു. **" ഭൂമിയിൽ നന്മ വരുത്തിയ ശേഷം അതിൽ കുഴപ്പമുണ്ടാക്കരുത്. ഭയത്തോടും പ്രത്യാശയോടും കൂടി നിങ്ങൾ അവനെ വിളിച്ചു പ്രാർത്ഥിക്കുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സുകൃതവാന്മാരുമായി അടുത്തതാണ്"** (7:57). **"നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കരുതെന്ന് അവരോട് പറയപ്പെടുമ്പോൾ, ഞങ്ങൾ നന്മ പ്രവർത്തിക്കുന്നവർ മാത്രമാണെന്നവർ പറയും."** (2:12)

ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഈ കാലഘട്ടത്തിൽ, ഈ ഭൂമിയെ പലപ്രാവശ്യം നശിപ്പിക്കത്തക്ക കഴിവുകൾ അവൻ ആർജ്ജിച്ചിരിക്കുന്നു എന്നത് ഒരു രഹസ്യമായ കാര്യമൊന്നുമല്ല. മാനവ സമൂഹം ഈ മഹാവിപത്ത് ഒഴിവാക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഇസ്ലാമിക അദ്ധ്യാപനങ്ങൾ പിൻതുടരുക മാത്ര മാണ് കരണീയമായിട്ടുള്ളത്. കാരണം അതിന്റെ ആശയം സാർവ്വദേശീയ സമാധാനത്തെ നിലനിർത്തുന്ന തിനെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. സത്യത്തിൽ ഇസ്ലാം മതം മാത്രമാണ്, സമാധാനത്തിനോ സമാധാന ത്തിന് ഭംഗമുണ്ടാക്കുന്ന ഏതൊരു പ്രവർത്തിയേയും അപലപിച്ചിട്ടുള്ള ഒരേയൊരു മതം. ആരംഭത്തിൽ ഞാൻ പാരായണം ചെയ്ത ഖുർആൻ വചനത്തിൽ സമാധാന സംസ്ഥാപനത്തിന് ഇസ്ലാം വളരെ വലിയ പ്രാധാന്യമാണ് നൽകിയിട്ടുള്ളതെന്ന് വളരെ വ്യക്തമാണ്. അതിന് ഭംഗമുണ്ടാക്കുന്ന എല്ലാ പ്രവർത്തനങ്ങ ളെയും അത് അപലപിച്ചിട്ടുമുണ്ട്. അത് ഗാർഹിക രംഗമാകട്ടെ, ദേശീയ തലത്തിലാകട്ടെ, അന്താരാഷ്ട്രതല ത്തിലാകട്ടെ ! ഇസ്ലാമിന്റെ സന്മാർഗ്ഗ പ്രമാണത്തെപ്പറ്റിയുള്ള ആശ്ചര്യകരമായ കാര്യം, അവ എപ്പോഴും സാർവ്വ ദേശീയ തലത്തിൽ പ്രവർത്തി പഥത്തിൽ കൊണ്ടു വരുവാനുള്ളതാണ് എന്നതാണ്! ഇത് ഒരു വസ്തുത സ്ഥിരീകരിക്കുന്നു. അതായത് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ), ഇസ്ലാമിന്റെ പ്രവാചകനെ, ഉയർത്തപ്പെ ട്ടത് മുഴുവൻ മാനവകുലത്തിനും കാരുണ്യമായിട്ടാണ്. വിശുദ്ധ ഖുർആനിൽ സർവ്വശക്തനായ ദൈവം പറ യുന്നു. **"നാം നിന്നെ ലോകത്തിന് ഒരു കാരുണ്യമായി മാത്രമാണ് അയച്ചിട്ടുള്ളത്" 21:108 "സന്തോഷ വാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പ് നൽകുന്നതിനുമായി സമസ്ത മനുഷ്യർക്കും വേണ്ടിയല്ലാതെ നിന്നെ നാം അയ ച്ചിട്ടില്ല. പക്ഷെ മനുഷ്യരിൽ അധികം പേരും ഈ യാഥാർത്ഥ്യം മനസ്സിലാക്കുന്നില്ല"** 34:29

ഇന്ന് ലോകസമാധാനത്തിന് ഭംഗം ഉണ്ടാകുന്ന ചില കാരണങ്ങളെക്കുറിച്ച് നമുക്കൊന്ന് ചിന്തിക്കാം. അവയ്ക്ക് ഇസ്ലാം നൽകുന്ന പരിഹാര മാർഗ്ഗങ്ങൾ എന്താണെന്നും നോക്കാം. ദേശീയവാദവും, വർഗ്ഗീയ മനോഭാവവും എന്നതിൽ ആരംഭിക്കാം. അതിന് ശേഷം വരുന്ന പ്രധാന വിഷയങ്ങളാണ്. ചൂഷണം, അത്യാഗ്ര ഹം, കപടത, വർഗ്ഗസമരം, അന്താരാഷ്ട്ര ബന്ധങ്ങൾ, ഉടമ്പടികൾ തുടങ്ങിയവ.

**ദേശീയ വാദവും വർഗ്ഗീയ മനോഭാവവും**

ആധുനിക ലോകത്തിലെ രാഷ്ട്രീയ ഘടകം രാജ്യ പദവിയിലാണ് നിലകൊള്ളുന്നത്. ഈ രാജ്യങ്ങ ളെ എങ്ങനെയാണ് നിർവചിക്കേണ്ടത് എന്നതാണ് പ്രശ്നം. ഒരു രാജ്യത്തിന് മറ്റ് രാജ്യങ്ങളുമായുള്ള ബന്ധ ത്തിന്റെ സ്വഭാവം എങ്ങനെയായിരിക്കണം ? ഇത് എന്ത് തന്നെയായാലും, ദേശീയത എന്നത് ഒരു സങ്കീർണ്ണാ വസ്ഥയാണ്, ഒരു പ്രേരക വിശ്വാസമാണ്, മനുഷ്യൻ അതിനുവേണ്ടി മരിച്ചിട്ടുണ്ട്, ആക്രമിച്ചിട്ടുണ്ട് ! ഇതൊരു അനുഗ്രഹത്തേക്കാളുപരി ശാപമാണ്. ഇസ്ലാം ദേശീയ വാദത്തേയോ വർഗ്ഗീയ മനോഭാവത്തേയോ അംഗീകരി ക്കുന്നില്ല. ലോക വ്യവസ്ഥയുടെ അടിസ്ഥാനം നീതിയിലും നന്മയിലുമായിരിക്കണം എന്നതാണ് അതിന്റെ

കാഴ്ചപ്പാട്. മുഴുവൻ മനുഷ്യ സമുദായത്തെയും ഇസ്ലാം ഒരു കുടുംബമായിട്ടാണ് വിഭാവന ചെയ്യുന്നത്. ഗോത്രങ്ങളായുള്ള വിഭജനവും, രാഷ്ട്രങ്ങളായുള്ള തിരിവും, വർഗ്ഗങ്ങളായുള്ള തിരിവും, പരസ്പരം അറിയുന്നതിനും അറിവുകൾ പങ്കിടുന്നതിനുമാണ്. അതിലൂടെ പരസ്പരം പ്രയോജനങ്ങൾ പങ്കിടുവാനാണ്. ദേശീയ പ്രത്യേകതകളും നല്ല ഗുണങ്ങളും പരസ്പരം പങ്കുവയ്ക്കുന്നതിന്റെ ലക്ഷ്യം. വർഗ്ഗീയ തീവ്രതയാൽ ജന്മം കൊണ്ട വല്ലാത്ത രാഷ്ട്രവാദവും, ദേശീയ ദുരഭിമാനവും ഇവ രണ്ടും തെറ്റും വിഡ്ഢിത്തവുമാണ്. ഇത് സംബന്ധമായി വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നത് കാണുക. **"മനുഷ്യരെ തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു; നിങ്ങൾ അന്യോന്യം പരിചയപ്പെടുന്നതിനുവേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽവച്ച് ഏറ്റവും ബഹുമാന്യൻ നിങ്ങളിൽ വച്ച് ഏറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞനുമാണ്."** 49:14. **"വിശ്വസിച്ചവരെ, ഒരു ജനം മറ്റൊരു ജനത്തെ പരിഹസിക്കരുത്. (ഒരു പക്ഷെ) അവർ (പരിഹസിക്കപ്പെടുന്നവർ) ഇവരെക്കാൾ (പരിഹസിക്കപ്പെടുന്നവരേക്കാൾ) ഉത്തമരായെന്നുവരാം. സ്ത്രീകൾ (മറ്റ്) സ്ത്രീകളെയും പരിഹസിക്കരുത്. (ഒരു പക്ഷെ) അവർ (പരിഹസിക്കപ്പെടുന്ന സ്ത്രീകൾ) ഇവരെക്കാൾ (പരിഹസിക്കുന്ന സ്ത്രീകളെക്കാൾ) ഉത്തമകളായെന്നുവരാം. നിങ്ങൾ നിങ്ങളുടെ സ്വന്തം ആളുകളെ അപകീർത്തിപ്പെടുത്തരുത്. നിങ്ങൾ പരസ്പരം ചീത്തപ്പേര് വിളിക്കയുമരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനുശേഷം അനുസരണത്തിൽ നിന്ന് അകന്നു പോകുന്നത് ചീത്തപ്പേരിനും കാരണമാകുന്നതാണ്. പശ്ചാത്തപിച്ചു മടങ്ങാത്തവരാരോ, അവർ തന്നെയാണ് അക്രമികൾ " (49:12)**

ഏതെങ്കിലും ജനത അഥവാ രാഷ്ട്രം ഈ പരിപാവനമായ അധ്യാപനങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ, അതായത് അവരുടെ സംസ്കാരവും പരിഷ്ക്കാരവും ആധിപത്യവും മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുവാൻ ശ്രമിച്ചാൽ, അത് യുദ്ധത്തിലെ കലാശിക്കുകയുള്ളൂ. ശക്തികുറഞ്ഞ രാഷ്ട്രത്തെ, ശക്തികൂടിയ രാഷ്ട്രം സാമ്പത്തിക ചൂഷണം ചെയ്യുന്നത് അത്യാർത്തിമൂലമാണ്. അത് ചെകുത്താന്റെ പണിയാണ്. ആയതിനാൽ ഇസ്ലാം അത്തരം ചൂഷണങ്ങൾക്കെതിരാണ്. പ്രകൃതി വിഭവങ്ങൾ നീതിപൂർവ്വകമായ നിലയിൽ അല്ലാത്ത വിധം പങ്കിട്ടെടുക്കുന്നത് അനുവദിക്കുന്നില്ല. അത്തരം പ്രവർത്തനം നിശ്ചയമായും ക്രമേണ ചെന്നവസാനിക്കുന്നത് അസമാധാനത്തിലേക്കായിരിക്കും. സർവ്വശക്തനായ അല്ലാഹു, അതിബുദ്ധിമാനായ അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു. **"അവരിൽ നിന്നുള്ള പല വിഭാഗങ്ങൾക്കും നാം ഐഹിക ജീവിതത്തിന്റെ അലങ്കാരങ്ങൾ നൽകി സുഖ സൗകര്യങ്ങൾ അനുഭവപ്പെടുത്തിക്കൊടുത്തതിന്റെ നേരെ നീ നിന്റെ കണ്ണുകളെ ഉയർത്തരുത്. അവരെ അതിൽ പരീക്ഷിക്കുന്നതിനു വേണ്ടിയാണ് നാം അത് നൽകിയത്. നിന്റെ നാഥൻ നൽകുന്ന (അനുഗ്രഹം) ഏറ്റവും ഗുണകരവും കൂടുതൽ നിലനിൽക്കുന്നതുമാകുന്നു."** (20:132) **"ഏതൊന്നുകൊണ്ട് അല്ലാഹു നിങ്ങളിൽ ചിലരെ മറ്റു ചിലരെക്കാൾ ശ്രേഷ്ഠരാക്കിയിരിക്കുന്നുവോ അത് നിങ്ങൾ കൊതിക്കരുത്. പുരുഷൻമാർ സമ്പാദിച്ചതിൽ നിന്ന് ഒരംശം അവർക്കുണ്ട്, സ്ത്രീകൾ സമ്പാദിച്ചതിൽ നിന്ന് ഒരംശം അവർക്കുമുണ്ട്. നിങ്ങൾ അല്ലാഹുവിനോട് (തന്നെ) അവന്റെ അനുഗ്രഹത്തിൽ നിന്നു ചോദിച്ചു വാങ്ങുക. തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങളെ സംബന്ധിച്ചും നല്ലപോലെ അറിയുന്നവനാകുന്നു."** (4:33)

യുദ്ധങ്ങളുടെ അടിസ്ഥാന കാരണം നിസ്സംശയം അമിത ധനേച്ഛയാകുന്നു. വൻ രാഷ്ട്രങ്ങൾ ചെറു രാഷ്ട്രങ്ങളെ ചൂഷണം ചെയ്യുന്നടത്തോളംകാലം അല്ലെങ്കിൽ മറ്റുള്ളവരുടെ വിഭവങ്ങൾ കവർന്നെടുക്കുവോളം ഈ ലോകത്ത് നിലനിൽക്കുന്ന സമാധാനം സാധ്യമല്ല. ഉദാഹരണത്തിന്, ഒന്നാം ലോക മഹായുദ്ധാനന്തരം സ്ഥാപിതമായ ലീഗ് ഓഫ് നേഷൻസ് (രാജ്യങ്ങളുടെ സംഘടന) ദയനീയമായി പരാജയപ്പെട്ടത് നാം കണ്ടതാണ്. എല്ലാ യുദ്ധങ്ങളും അവസാനിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാതെ, ഇതിലെ അംഗങ്ങൾക്ക് മറ്റുള്ളവരുടെ സാധന സാമഗ്രികൾ കരസ്ഥമാക്കുന്നതിലായിരുന്നു ശ്രദ്ധമുഴുവൻ. അങ്ങനെ ഒന്നാം ലോക മഹായുദ്ധത്തിന്റെ അന്ത്യത്തിലെടുത്ത തീരുമാനം എല്ലാ യുദ്ധങ്ങളും അവസാനിപ്പിക്കുന്നതിനായിരുന്നു. എന്നാൽ അത് പ്രയോഗ വൽക്കരിക്കപ്പെട്ടില്ല.

ഈ കാലഘട്ടത്തിലെ സാമൂഹ്യ പ്രശ്നങ്ങളിൽ ഏറ്റവും മഹത്വപൂർണ്ണമായിട്ടുള്ള ഒന്ന്, സമാധാനത്തിന് ഭംഗമുണ്ടാക്കുന്ന വർഗ്ഗസമരമാണ്. അതിന്റെ പ്രാഥമിക കാരണം ദാരിദ്ര്യമാണ് അഥവാ അനിയന്ത്രണമാണ്. ഇസ്ലാം ഈ പ്രശ്നം മുൻകൂട്ടി കാണുകയും അതിന് പരിഹാരമായി, സമുദായത്തിന്റെ മൊത്തത്തിലുള്ള ക്ഷേമത്തിന് വളരെ വലിയ ഊന്നൽ നൽകുകയും ചെയ്യുന്നു. ക്ഷേമ രാഷ്ട്രം എന്ന ആശയം ലോകത്തിന്റെ മുമ്പിൽ ആദ്യം അവതരിപ്പിച്ച മതമാണ് ഇസ്ലാം. ഒരു ന്യൂനപക്ഷത്തിന്റെ കയ്യിൽ സ്വത്തുക്കൾ കുന്നുകൂടാതിരിക്കുവാൻ ഇസ്ലാം ബുദ്ധിപൂർവ്വകമായ പദ്ധതികൾ വിഭാവന ചെയ്തിരിക്കുന്നു. പാവപ്പെട്ടവനും

പണക്കാരനും തമ്മിൽ തുല്യത കാത്തുസൂക്ഷിക്കുവാനുള്ള നടപടി എന്ന നിലയിൽ, പണക്കാരോട്, ഇസ്ലാം തങ്ങളുടെ സ്വത്തിന്റെ ഒരു ഭാഗം സാധുക്കളുടെ ക്ഷേമത്തിനായി നൽകുവാൻ ആവശ്യപ്പെടുന്നു. ദാനധർമ്മ ങ്ങളിലൂടെയും സക്കാത്തിലൂടെയും!

ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുള്ളതാണ് ആക്രമണ വാഞ്ച്ഛയോടുള്ള ദേശീയ വാദത്തെ ഇല്ലായ്മ ചെയ്യുവാൻ, ഇസ്ലാം സ്വീകരിക്കുന്ന നടപടി, മാനവ സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ ഐക്യത്തെ ഊട്ടി ഉറപ്പിക്കിലാണ്. വർഗ്ഗം, നിറം തുടങ്ങിയ വേർതിരിവുകൾ ഇല്ലായ്മ ചെയ്യുക. അധീശത്വവും, മഹത്വവും പ്രകടിപ്പിക്കേണ്ടത് മാനവസമൂഹത്തിന് നൽകുന്ന ഏറ്റവും മഹത്തായ സേവനത്തിലൂടെയായിരിക്കണം. രാഷ്ട്രങ്ങൾ അഥവാ ഗോത്രങ്ങൾ പരസ്പരം പോരാടുമ്പോഴെല്ലാം, സാധാരണയായി ഉണ്ടാകുന്ന ഫലം, വൈദഗ്ധ്യമുള്ളവരുടെ കൂട്ടകൊലകളും, നിരപരാധികൾ അടിമകളാക്കപ്പെടുകയും, കീഴ്പ്പെടുത്തപ്പെട്ടവർ കൊള്ളയടിക്കപ്പെടുകയുമാണ് ഫലം. ആക്രമണം നടത്തുന്നവർ മറ്റ് രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തെക്കുറിച്ചോ, അവരുമായുള്ള ഉടമ്പടിയുടെ പവിത്രതയെക്കുറിച്ചോ ചിന്തിക്കാറില്ല. ഇസ്ലാം, സമാധാന സംസ്ഥാപനത്തിന്റെ പ്രാധാന്യം തുടക്കം മുതൽ മുന്നോട്ടു വയ്ക്കുന്നു. അവകാശങ്ങൾ അംഗീകരിക്കുന്നു. അഭിപ്രായ സ്വാതന്ത്ര്യം വകവച്ചുകൊടുക്കുന്നു. മാനുഷിക ക്ഷേമം ഉയർത്തിക്കാട്ടുന്നു. ഈ ലക്ഷ്യങ്ങൾ നേടുന്നതിന്, ശക്തമായ രാഷ്ട്രങ്ങളുടെ ഒരു കൂട്ടായ്മയ്ക്ക്, ഇസ്ലാം നിർദ്ദേശങ്ങൾ വയ്ക്കുന്നു. ഇവർ രൂപപ്പെടുത്തുന്ന ഉടമ്പടികളുടെ മറവിൽ, ഈ രാഷ്ട്രങ്ങൾ ഒരു കാരണവശാലും, ശക്തികുറഞ്ഞ രാഷ്ട്രങ്ങളെ ചൂഷണം ചെയ്യാൻ പാടില്ലാ എന്നും അഥവാ അവരുടെ മേൽ യുദ്ധം അടിച്ചേൽപ്പിക്കാൻ പാടില്ലായെന്നും ശക്തമായി ഊന്നിപറയുന്നു. വിശുദ്ധ ഖുർ പറയുന്നു. **"നിങ്ങൾ കരാർ ചെയ്താൽ അല്ലാഹുവിന്റെ കരാറിനെ നിങ്ങൾ പാലിക്കുക. സത്യങ്ങളെ അവയുടെ സ്ഥിരീകരണത്തിനുശേഷം നിങ്ങൾ ലംഘിക്കരുത്. നിങ്ങൾ അല്ലാഹുവിനെ നിങ്ങൾക്ക് സാക്ഷികളാക്കി വെച്ചിട്ടുണ്ടല്ലോ! നിശ്ചയമായും നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ചും അല്ലാഹു അറിയുന്നവനാകുന്നു. ഒരുകൂട്ടർ മറ്റൊരു കൂട്ടരെക്കാൾ ശക്തരാകാതിരിക്കാൻ വേണ്ടി നിങ്ങളുടെ ശപഥങ്ങളെ നിങ്ങളുടെ ഇടയിൽ വഞ്ചനയ്ക്ക് മാർഗ്ഗമാക്കികൊണ്ട്, താൻ നൂൽനൂറ്റ് അതിനെ ശക്തമായി പിരിച്ചതിനുശേഷം (തിരികെ അഴിച്ച്) ഇഴകളായി വേർപ്പെടുത്തിയ ഒരുവളെപ്പോലെ നിങ്ങളായിത്തീരരുത്. നിശ്ചയമായും അല്ലാഹു അതുകൊണ്ട് നിങ്ങളെ പരീക്ഷിക്കുകയാണ്. നിങ്ങൾ ഏതൊരു കാര്യത്തിൽ ഭിന്നിച്ചിരുന്നുവോ അക്കാര്യത്തെ പുനരുത്ഥാനനാളിൽ അല്ലാഹു നിങ്ങൾക്ക് വ്യക്തമാക്കി തരുന്നതാണ്."** 16:92,93 **"അനാഥൻ തന്റെ പ്രാപ്തി പ്രാപിക്കുന്നതുവരെ ഏറ്റവും നല്ല മാർഗ്ഗത്തിലുടെയല്ലാതെ നിങ്ങൾ അവന്റെ ധനത്തെ സമീപിക്കരുത്. നിങ്ങൾ കരാറുകൾ പൂർത്തിയാക്കുക. കാരണം (കരാറുകളെക്കുറിച്ച്) ചോദ്യം ചെയ്യപ്പെടുന്നതാണ്."** 17:35

ഞാൻ പ്രാർത്ഥിക്കുന്നു. അല്ലാഹു (ത) നമ്മെ നേർപാതയിൽ നയിക്കട്ടെ. അവന്റെ എല്ലാ അധ്യാപനങ്ങളും നല്ല നിലയിൽ പ്രവർത്തിപഥത്തിൽ കൊണ്ടുവരുവാൻ അവൻ നമ്മെ പ്രാപ്തരാക്കട്ടെ ! ഇൻശാ അല്ലാഹ് ആമീൻ.

Translated & Issued By

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*